കേരള സർക്കാർ GOVERNMENT OF KERALA
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
KERALA STATE INSTITUTE OF LANGUAGES
നാളന്ദ, തിരുവനന്തപുരം - 695003, കേരള
Nalanda, Thiruvananthapuram - 695003, Kerala

# പത്രക്കുറിപ്പ്

*തിരുവനന്തപുരം,* 2021 സെപ്റ്റംബർ 28

കേരള സർക്കാരിന്റെ 100 ദിന കർമപരിപാടിയുടെ ഭാഗമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ജാപ്പാനീസ് സ്റ്റഡീസ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് നടത്തുന്ന ജാപ്പാനീസ് ഭാഷാ കോഴ്സിന്റെ ഉൽഘാടനം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി. കാർത്തികേയൻ നായർ നിർവഹിച്ചു. 150 മണിക്കൂർ നീളുന്ന കോഴ്സ് ജെ.എൽ.പി.ടി പാഠ്യപദ്ധതി അടിസ്ഥാനമാക്കിയാണ് ഒരുക്കിയിട്ടുള്ളത്. മൂന്ന് ലക്ഷത്തിലധികം തൊഴിൽ സാധ്യതയാണ് ജപ്പാനിൽ ഇന്ത്യക്കാർക്ക് വേണ്ടി ഒരുങ്ങുന്നത്. ജാപ്പാനീസ് ഭാഷയിൽ അടിസ്ഥാന അറിവുള്ളവരെയാണ് തൊഴിൽ മേഖലയിലേക്ക് പരിഗണിക്കുന്നത്. നോർക്ക റൂട്ട്സ് വഴിയാണ് കേരളത്തിൽ നിന്നുള്ള ഉദ്യോഗാർഥികളെ ജപ്പാനിലേക്ക് റിക്രൂട്ട് ചെയ്യുക. ഇന്ത്യക്കാർക്കുള്ള ഭാഷാ നൈപുണ്യ പരീക്ഷകൾ അടുത്ത കൊല്ലം മുതൽ നടത്തുമെന്ന് ജാപ്പാനീസ് പ്രധാനമന്ത്രി യോഷി ഹിദെ സുഗെ അറിയിച്ചിരുന്നു. ജാപ്പാനീസ് ഭാഷാ പരിശീലനത്തിൽ പ്രഗൽഭരായ അധ്യാപകർ നയിക്കുന്ന കോഴ്സിന് 12,000/- രൂപയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. ജപ്പാനീസ് ഭാഷാ പഠനത്തിന് അടിത്തറയിടുന്ന ഈ കോഴ്സ് ഓൺലൈനായാണ് നടത്തുന്നത്. ഉൽഘാടന ചടങ്ങിൽ ഡോ. കെ.പി.പി. നമ്പ്യാർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അസി. ഡയറക്ടർ ഡോ. ഷിബുശ്രീധർ, ജാപ്പാനീസ് സ്റ്റഡീസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ കെ. അശോക് കുമാർ എന്നിവർ സംസാരിച്ചു. കൂടുതൽ വിവരങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റിലും 9895834640 എന്ന ഫോൺ നമ്പറിലും ലഭ്യമാണ്.

ഡയറക്ടർ

Director : 0471 - 2316306 (Off), 2338899 (Res.)
Mobile : 9446587722
AD Sales : 0471 - 2317238, Mobile : 9447972346
AD Publication (In - Charge) : 9895062972
Office : 0471 - 2314768, Academic - 0471 - 2313856
Regional Centre : 0495 - 2366124, 2724600 (Book Stall)
Website : www.keralabhashainstitute.org, www.vijnanakairali.com
E-mail : vknkarthika@gmail.com (Director), keralabhashatvm@gmail.com (off), Regional Centre : calicutbhasharcc@gmail.com, Vijnanakairali : editorvijnanakairali@gmail.com